ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ):

(എ, ബി) റോഡ് സുരക്ഷ ഉറപ്പു വരുത്തുന്നതിനും റോഡപകടങ്ങളിൽപ്പെടുന്നവർക്ക് ട്രോമാകെയർ ഉൾപ്പെടെയുള്ള അടിയന്തിര സഹായം എത്തിക്കുന്നതിനും ഒരു റോഡ് സുരക്ഷാ അതോറിറ്റിയും റോഡ് സുരക്ഷാ ഫണ്ടും രൂപീകരിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

(സി) റോഡ് സുരക്ഷാ ഫണ്ട് രൂപീകൃതമായിട്ടില്ല.

(ഡി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പാഠഭാഗം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക, ഡ്രൈവർമാർ, പൊതുജനങ്ങൾ എന്നിവർക്ക് റോഡ് സുരക്ഷാ ക്ലാസ്സുകൾ നൽകുക, റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് സെമിനാറുകൾ സംഘടിപ്പിക്കുക, കമ്പ്യൂട്ടറൈസ്ഡ് വാഹന പരിശോധന കേന്ദ്രങ്ങൾ സ്ഥാപിക്കുക, ട്രാഫിക് ലൈറ്റ് സംവിധാനം ഏർപ്പെടുത്തുക, റോഡ് സുരക്ഷാ പ്രദർശന പരിശീലന വാഹനം ഏർപ്പെടുത്തുക; ടി. വി., പത്ര മാധ്യമങ്ങളിൽകൂടി പരസ്യങ്ങൾ നൽകുക, വാഹന പരിശോധന ഊർജ്ജിതപ്പെടുത്തുക തുടങ്ങിയവയും അപകട സാധ്യത കൂടുതലുള്ള ഭാഗങ്ങൾ കണ്ടുപിടിച്ച് അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

ഇ. എസ്. ഐ. ആശുപത്രികളുടെ നിലവാരം

*19 [331] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇ. എസ്. ഐ. ആശുപത്രികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ;

(ബി) നിലവിൽ ഇ. എസ്. ഐ. ആശുപത്രി ഇല്ലാത്തതും തൊഴിൽ ശാലകളുള്ളതുമായ പ്രദേശങ്ങളിൽ ഇ. എസ്. ഐ. ആശുപത്രികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) നിലവിലുള്ള ഇ. എസ്. ഐ. ഡിസ്പെൻസറികളെ രോഗികളെ കിടത്തി ചികിൽസിക്കുന്നതിനുള്ള ആശുപത്രികളായി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) സംസ്ഥാനത്തെ ഇ. എസ്. ഐ. ആശുപത്രികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉപയോഗശൂന്യമായ ഉപകരണങ്ങൾ കണ്ടെത്തി പകരം പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിനും മരുന്നുകൾ ആവശ്യാനുസരണം യഥാസമയം ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആശുപത്രി വികസന സമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(ബി) തൊഴിൽ ശാലകൾ ഉള്ള സ്ഥലങ്ങളിൽ ഡിസ്പെൻസറി തുടങ്ങുന്നതിനാവശ്യമായ തൊഴിലാളികൾ ഉണ്ടെങ്കിൽ അവിടെ പുതിയ ഡിസ്പെൻസറികൾ ആരംഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിലുള്ള ഇ. എസ്. ഐ. ഡിസ്പെൻസറികളെ രോഗികളെ കിടത്തി ചികിൽസിക്കുന്നതിനുള്ള ആശുപത്രികളായി ഉയർത്തുന്നതിന് നിലവിലുള്ള ചട്ടങ്ങൾ അനുവദിക്കുന്നില്ല.

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസിന്റെ കീഴിലുള്ള വ്യവസായ സ്ഥാപനങ്ങൾ

*20 [332] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസിന്റെ കീഴിലുള്ള വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനങ്ങളിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നവയെ ലാഭകരമാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതിന്റെ ഫലമായി ഏതെല്ലാം സ്ഥാപനങ്ങളെ ലാഭകരമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും സ്ഥാപനങ്ങൾ സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നത് സംബന്ധിച്ച് കരാർ ഒപ്പിട്ടിട്ടുണ്ടോ;

(ഇ)) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസിന്റെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ട്; ഈ സ്ഥാപനത്തിന്റെ കീഴിൽ ഇപ്പോൾ യൂണിറ്റുകളൊന്നും പ്രവർത്തിക്കുന്നില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

സ്വകാര്യ ദേവസ്വം ക്ഷേത്ര ജീവനക്കാർക്ക് മിനിമം വേജസ്

*21 [333] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ദേവസ്വം ക്ഷേത്ര ജീവനക്കാർക്ക് മിനിമം വേജസ് ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇക്കാര്യം എന്നത്തേക്ക് പ്രാബല്യത്തിൽ വരുത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly